**അധ്യായം – 10**

# പൗരബോധം

## ആമുഖം

ഒരു സമൂഹത്തിന്റെ വളർച്ചയ്ക്കും വികാസത്തിനും സുസ്ഥിരമായ നിലനിൽപ്പിനും പൗരബോധം അത്യാവശ്യമാണ്. ജനാധിപത്യത്തിന്റെയും രാഷ്ട്ര നിർമ്മാണത്തിന്റെയും പൂർണ്ണതയ്ക്ക് പൗരബോധം അത്യാവശ്യമാണ്. ഒരു പൗരന്റെ സാമൂഹ്യബോധതലത്തിലുള്ള വികാസമാണ് പൗരബോധം. ഇതിന്റെ പശ്ചാത്തലങ്ങൾ വിനിമയം ചെയ്യുകയാണ് ഈ പാഠഭാഗത്തിലൂടെ.

### ആശയങ്ങൾ

1. പൗരബോധം
2. പൗരബോധത്തിന്റെ പ്രാധാന്യം
3. പൗരബോധത്തെ നിർണയിക്കുന്ന ഘടകങ്ങൾ
5. പൗരബോധവും ധാർമികതയും
6. പൗരബോധം നേരിടുന്ന വെല്ലുവിളികൾ.
7. സാമൂഹ്യ ശാസ്ത്രപഠനവും പൗരബോധവും

## ചോദ്യങ്ങൾ

1. പൗരബോധം എന്നാൽ എന്ത്? (2)
2. പൗരബോധത്തിന്റെ പ്രാധാന്യം വിശദമാക്കുക (3)
3. പൗരബോധത്തെ നിർണയിക്കുന്ന ഘടകങ്ങൾ ഏതെല്ലാം? (4)
4. കുടുംബം വിദ്യാഭ്യാസം എന്നിവ പൗരബോധം വളർത്തുന്നതിൽ നിർണായക പങ്ക് വഹിക്കുന്നു വിശദീകരിക്കുക. (4)
5. മാധ്യമങ്ങൾ, ജനാധിപത്യവ്യവസ്ഥ എന്നിവ പൗരബോധരൂപീകരണത്തിന് സഹായകമാകുന്നതെങ്ങനെ ? (4)
6. ധാർമികത എന്നാൽ എന്ത് ? (2)
7. പൗരബോധം നേരിടുന്ന വെല്ലുവിളികൾ പരിഹാര മാർഗങ്ങൾ എന്നിവ വിശദമാക്കുക (5)
8. പൗരബോധ രൂപീകരണത്തിന് സാമൂഹ്യശാസ്ത്രത്തെ എങ്ങനെ പ്രയോജനപ്പെടുത്താം. (5)
9. പൗരബോധം വളർത്തിയെടുക്കുന്നതിന്റെ ധാർമികത വഹിക്കുന്ന പങ്ക് വിശദമാക്കുക. (2)

## ഉത്തരസൂചിക

1. ഓരോ പൗരനും സമൂഹത്തിന് വേണ്ടിയുള്ളതാണെന്നും സമൂഹത്തിന്റെ ഉത്തമതാൽപര്യങ്ങളാണ് പൗരന്റേതുമെന്നുമുള്ള തിരിച്ചറിവാണ് പൗരബോധം.

2. സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും പുരോഗതിയെ പൗരബോധം വളരെയധികം സ്വാധീനിക്കുന്നു. പൗരബോധമില്ലെങ്കിൽ മനുഷ്യൻ സ്വാർത്ഥനാവുകയും എല്ലാപ്രവർത്തനങ്ങളും സ്വന്തം നേട്ടങ്ങൾക്കുവേണ്ടി മാത്രമാവുകയും ചെയ്യും. ഇത് സാമൂഹിക ജീവിതത്തെ പ്രതികൂലമായി ബാധിക്കും.

3. 
- കുടുംബം
- വിദ്യാഭ്യാസം
- സംഘടനകൾ
- സാമൂഹിക വ്യവസ്ഥ
- രാഷ്ട്രീയ വ്യവസ്ഥ

4. 
- സാമൂഹികസ്ഥാപനം എന്ന നിലയിൽ കുടുംബം വ്യക്തിരൂപീകരണത്തിൽ വലിയ പങ്ക് വഹിക്കുന്നു.
- മുതിർന്നവരെ ബഹുമാനിക്കാനും സമൂഹസേവനത്തിൽ ഏർപ്പെടാനും നാം പഠിക്കുന്നത് പ്രാഥമിക സ്ഥാപനമായ കുടുംബത്തിൽ നിന്നാണ്.
- ഓരോ വ്യക്തിയും കുടുംബത്തിനു വേണ്ടിയും കുടുംബം സമൂഹത്തിനുവേണ്ടിയുമാണെന്ന ബോധ്യം കുടുംബാന്തരീക്ഷത്തിൽ വളർത്തി എടുക്കാൻ കഴിയണം.

5. വിദ്യാഭ്യാസം:

വിവിധ വിഷയങ്ങളുടെ പഠനത്തിലൂടെ ലഭിക്കുന്ന അറിവുകൾ സമൂഹത്തിന് പ്രയോജനകരമായ രീതിയിൽ ഉപയോഗിക്കാൻ വ്യക്തിയെ പ്രാപ്തനാക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ശാസ്ത്രവും സാങ്കേതികവിദ്യയും സമൂഹത്തിന് പ്രയോജനകരമായ രീതിയിൽ ഉപയോഗപ്പെടുത്താൻ വിദ്യാഭ്യാസത്തിലൂടെ സാധിക്കണം. മൂല്യാധിഷ്ഠിത വിദ്യാഭ്യാസ സമീപനത്തിലൂടെ പൗരബോധം ജനങ്ങളിലെത്തിക്കാൻ കഴിയും.

6. മാധ്യമങ്ങൾ:
- പൗരബോധരൂപീകരണത്തിന് മാധ്യമങ്ങൾക്ക് വലിയ സ്ഥാനമാണുള്ളത്.
- ശരിയായകും വസ്തുനിഷ്ഠവുമായ വിവരങ്ങൾ ക്രിയാത്മകമായ ആശയരൂപീകരണത്തിലേക്ക് നയിക്കും.
- മാധ്യമങ്ങൾ നിഷ്പക്ഷവും സ്വാതന്ത്രവുമായിരിക്കണം.
- മാധ്യമങ്ങളിൽ നിന്നു ലഭിക്കുന്ന അറിവുകൾ വിമർശനാത്മകമായി വിലയിരുത്തണം.

ജനാധിപത്യം:
- പൗരബോധത്തിന് അനിവാര്യമായ ഒരു ഘടകമാണ് ജനാധിപത്യം.
- പൗരബോധം വളർത്തിയെടുക്കുന്നതിന് സഹായിക്കുന്നു. എല്ലാ ഘടകങ്ങളുടെയും അടിസ്ഥാനം ജനാധിപത്യമാണ്.
- ജനാധിപത്യം സഹജീവികളെക്കുറിച്ച് ചിന്തിക്കാനും അവരുടെ സ്വാതന്ത്ര്യം, സമത്വം, അവകാശങ്ങൾ എന്നിവ സംരക്ഷിക്കുന്നതിന് വേണ്ടി പ്രവർത്തിക്കാനും വ്യക്തികളെ പ്രേരിപ്പിക്കും.

6. നന്മതിന്മകൾ തിരിച്ചറിഞ്ഞ് നന്മയെ സ്വീകരിക്കുകയും കടമകൾ ഉത്തരവാദിത്വത്തോടെ നിർവ്വഹിക്കുകയുമാണ് ധാർമികത എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

7. 
- ഓരോരുത്തരും അവരവരുടെ പ്രവർത്തനങ്ങളെ വിമർശനാത്മകമായി വിലയിരുത്തുക.
- പൊതുതാൽപര്യങ്ങൾ ഹനിക്കാതെ സ്വന്തം താൽപര്യങ്ങൾക്കുവേണ്ടി പരിശ്രമിക്കുക.
- മറ്റുള്ളവരിൽനിന്ന് പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ നമ്മളിൽ നിന്ന് തുടങ്ങുക.

8. - വൈവിധ്യങ്ങളെ ബഹുമാനിക്കാനും സഹിഷ്ണുതയോടെ പെരുമാറാനും വ്യക്തികളെ പ്രാപ്തരാക്കുന്നു.
   - സമാധാനത്തിന്റെയും സഹവർത്തിത്വത്തിന്റെയും സന്ദേശം ജനങ്ങളിലെത്തിക്കുന്നു.
   - രാഷ്ട്രീയ സാമൂഹിക സാമ്പത്തിക പാരസ്ഥിതിക പ്രശ്നങ്ങളുടെ പശ്ചാത്തലങ്ങൾ മനസ്സിലാക്കാൻ സഹായിക്കുന്നു.
9. - നന്മതിന്മകൾ തിരിച്ചറിഞ്ഞ് തിന്മയെ സ്വീകരിക്കുകയും കടമകൾ ഉത്തരവാദിത്വത്തോടെ നിർവഹിക്കുകയുമാണ് ധാർമികത. ധാർമികത പൗരബോധത്തെ സഹായിക്കുന്നു. ജീവിതത്തിന്റെ എല്ലാ മേഖലകളിലും ധാർമികത സൃഷ്ടിക്കലാണ് പൗരബോധം വളർത്തിയെടുക്കാനുള്ള ഏറ്റവും ഫലപ്രദമായ മാർഗം.

# കൈത്താങ്ങ്

## ചോദ്യങ്ങൾ

1. പൗരബോധം എന്നാൽ എന്ത്? (1)
2. പൗരബോധം രൂപപ്പെടുത്തുന്ന പ്രധാനഘടകങ്ങൾ പട്ടിക പൂർത്തിയാക്കുക? (2)

കുടുംബം

↓

എ)..............................................

↓

വിദ്യാഭ്യാസം

↓

ബി)..............................................

↓

സി)..............................................

↓

ഡി)..............................................

## ഉത്തരങ്ങൾ

1. ഓരോ പൗരനും സമൂഹത്തിന് വേണ്ടിയുള്ളതാണെന്നും സമൂഹത്തിന്റെ ഉത്തമ താത്പര്യങ്ങളാണ് പൗരന്റേത് എന്നുമുള്ള തിരിച്ചറിവാണ് പൗരബോധം.
2. എ. സംഘടനകൾ

   ബി. മാധ്യമങ്ങൾ

   സി. വിദ്യാഭ്യാസം

   ഡി. രാഷ്ട്രീയ സാമൂഹിക വ്യവസ്ഥകൾ